# കേരളസർവകലാശാല

നം.പി.ആർ.199/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

**ബിരുദ പ്രവേശനം 2020 – അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും 'Reconsider' ചെയ്യുന്നതിനും ഉള്ള അവസാന തീയതി 15.10.2020.**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലേക്ക് ബിരുദ പ്രവേശനത്തിനുള്ള അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനുള്ള അവസാന തീയതി 15.10.2020 ആണ്.

ആവശ്യമായ തിരുത്തലുകൾ വരുത്തിയ ശേഷം തങ്ങളുടെ പ്രൊഫൈലിൽ ലഭ്യമായ 'Reconsider' എന്ന ടാബ് ക്ലിക്ക് ചെയ്യുക. സർവകലാശാലയിൽ തിരുത്തലിന് അപേക്ഷ സമർപ്പിച്ചവർ തങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത തിരുത്തലുകൾ വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുകയും 'Reconsider' എന്ന ടാബ് ക്ലിക്ക് ചെയ്യുകയും വേണം. തുടർന്ന് തിരുത്തൽ വരുത്തിയതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതുമാണ്.

ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്തശേഷം ടി.സി. വാങ്ങിയവർ (കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷന് വേണ്ടി ടി.സി. വാങ്ങിയവർ ഉൾപ്പെടെ) വീണ്ടും ജനറൽ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ 'Reconsider' ടാബ് ക്ലിക്ക് ചെയ്യണം.

**കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം 2020 സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.**

കേരളസർവകലാശാലയുടെ കിഴിലുള്ള സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 വൈകിട്ട് 5 മണി വരെ.

| നമ്പർ | കോളേജ് | കോഴ്സ് |
| --- | --- | --- |
| 1 | മന്നം എൻ.എസ്.എസ്. കോളേജ്, ഇടമുളയ്ക്കൽ, അഞ്ചൽ, കൊല്ലം | എം.കോം ഫിനാൻസ് ആന്റ് അക്കൗണ്ടിംഗ് |
| 2 | കെ.വി.വി.എസ്. കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, അടൂർ, പത്തനംതിട്ട | എം.എസ്.സി. ബോട്ടണി |

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2020 സെൽഫ് ഫിനാൻസ് കോളേജുകളിലെ പുതിയ കോഴ്സുകളിലേക്ക് അപേക്ഷിക്കാം.

കേരളസർവകലാശാലയുടെ കിഴിലുള്ള സെൽഫ് ഫിനാൻസ് കോളേജുകളിൽ പുതുതായി അനുവദിച്ച കോഴ്സുകളിലേക്ക് അപേക്ഷിക്കാം. കോഴ്സുകളുടെയും കോളേജുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15 വൈകിട്ട് 5 മണി വരെ.

| നമ്പർ | കോളേജ് | കോഴ്സ് |
| --- | --- | --- |
| 1 | കിക്മാ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, നെയ്യാർഡാം, തിരുവനന്തപുരം | ബി.കോം കോ-ഓപ്പറേഷൻ |
| 2 | സ്നേഹാചാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, കരുവാറ്റ, ആലപ്പുഴ | ബി.വോക് ഫുഡ് പ്രോസസിംഗ് |
| 3 | കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഐ.എച്ച്.ആർ.ഡി.), കാർത്തികപ്പള്ളി, ആലപ്പുഴ | ബി.കോം ഫിനാൻസ് |
| 4 | കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഐ.എച്ച്.ആർ.ഡി.), അടൂർ, പത്തനംതിട്ട | ബി.എസ്.സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ |
| 5 | കോളേജ് ഓഫ് അപ്ലൈഡ് സയൻസ് ഐ.എച്ച്.ആർ.ഡി.), മാവേലിക്കര, ആലപ്പുഴ | ബി.കോം ഫിനാൻസ് |

## വൈവാ

ഒൻപതാം സെമസ്റ്റർ ഇൻന്റഗ്രേറ്റഡ് BM-MAM (റെഗുലർ – 2015 സ്കീം) പരീക്ഷയുടെ വൈവാ വോസി 16-10-2020 ന് ചവറ എം.എസ്.എൻ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ വച്ച് നടത്തുന്നതാണ്.

# അപേക്ഷാ തീയതി നീട്ടി

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം കാര്യവട്ടത്ത് പ്രവർത്തിക്കുന്ന സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കോളേജിലെ 2020–21 അദ്ധ്യയന വർഷത്തെ **MPE (2year), BPED (2year), PGDHFM (1year)** എന്നീ കോഴ്സുകളിലേക്ക് അഡ്മിഷനു വേണ്ടി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി 16–10–2020 ആയി നീട്ടിയിരിക്കുന്നു.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
13.10.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098